"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2410 12.03.2020- ൽ മറുപടിയ്ക്ക്

ആനകളെ ലഭ്യമാക്കാൻ ഓൺലൈൻ സംവിധാനം

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് : | | മറുപടി<br>അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | എഴുന്നള്ളിപ്പിന് ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് ആനകളെ ലഭ്യമാക്കാനായി ഓൺലൈൻ സംവിധാനം വനം വകുപ്പ് ഒരുക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | 2012-ലെ നാട്ടാന പരിപാലന നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ കളക്ടർ അദ്ധ്യക്ഷനും, സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ കൺവീനറുമായ ജില്ലാ കമ്മിറ്റികളാണ് നാട്ടാനകളെ ഉത്സവങ്ങളിലും മറ്റും പങ്കെടുപ്പിക്കുന്നതിന് അനുവാദം നൽകുന്നത്. നിലവിൽ ടി വിഷയവുമായി ബന്ധപ്പെട്ട അനുമതിക്കായി ക്ഷേത്ര ഭാരവാഹികളും മറ്റും അതത് ജില്ലാ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് കൺസർവേറ്റർമാരുടെ ഓഫീസുമായി നേരിട്ട് ബന്ധപ്പെട്ട് അപേക്ഷ നൽകുകയാണ് ചെയ്തുവരുന്നത്. ഇതിനുപകരം ടി അപേക്ഷ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള ഒരു പോർട്ടൽ സംവിധാനം വികസിപ്പിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്ത് നാട്ടാനകളുടെ കണക്കെടുപ്പ് വനം വന്യജീവി വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് നാട്ടാനകളുടെ കണക്കെടുപ്പ് 29/11/2018-ൽ പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ആനകളെ ആവശ്യമുള്ളവർ ഏത് രീതിയിലാണ് അപേക്ഷ നൽകേണ്ടത് എന്ന് വ്യക്തമാക്കാമോ; ആയതിന്റെ നടപടിക്രമം വിശദീകരിക്കാമോ? | (സി) | 2012-ലെ നാട്ടാന പരിപാലന നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള, ജില്ലാകമ്മിറ്റിയുടെ രജിസ്ട്രേഷൻ ഉള്ള ഉത്സവങ്ങളിൽ മാത്രമേ നാട്ടാനകളെ പങ്കെടുപ്പിക്കാൻ പാടുള്ളൂ. ആനകളെ ഉത്സവങ്ങളിലും മറ്റും പങ്കെടുപ്പിക്കുവാൻ ആഗ്രഹിക്കുന്ന ക്ഷേത്രങ്ങളും മറ്റും, ആന ഉടമസ്ഥരുമായി നേരിട്ട് ഇടപെട്ടാണ് ആനകളുടെ ലഭ്യത ഉറപ്പ് വരുത്തുന്നത്. ആനകളെ ലഭ്യമാക്കുന്നതിന് ടി ജില്ലാ കമ്മിറ്റിയോ, വനം വകുപ്പോ അപേക്ഷകൾ സ്വീകരിക്കാറില്ല. |

സെക്ഷൻ ഓഫീസർ